പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3249 — 19.06.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ആരംഭിച്ച സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | എ) പ്രളയം അധികമായി ബാധിച്ച ജില്ലകളിലെ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനായി റീ-ബിൽഡ് കേരളാ ഇനീഷ്യേറ്റീവിലൂടെയുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്, തദ്ദേശസ്വയംഭരണ വകുപ്പിൽ 26.04.2019-ലെ ജി.ഒ. (ആർ.റ്റി) 894/2019/എൽ.എസ്.ജി.ഡി സർക്കാർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചിട്ടുണ്ട്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപന സെക്ടറിലെ KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു Special Purpose Vehicle ആയി IMPACT Kerala Ltd. എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. |

.......... (2)

തിരുവനന്തപുരത്തെ സ്മാർട്ട് സിറ്റി മിഷൻ പദ്ധതിക്കുവേണ്ടി ഒരു Special Purpose Vehicle ആയി Smart City Thiruvananthapuram Ltd. എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ആണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | ബി) തൽക്കാലം പരിഗണനയിലില്ല. |
| സി) വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ ഇല്ലാത്തതിനാൽ സാമ്പത്തിക ബാധ്യതയുടെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ രൂപീകരണമാണ് തടസ്സപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സ്വയംതൊഴിൽ സംരംഭകർക്കും പരിശീലനങ്ങൾ നൽകുന്നതിന് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ; | ഡി) കിലയുടെ മെയിൻസെന്ററിനു പുറമേ, കില സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്-കൊട്ടാരക്കര, കില സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ്-കൊട്ടാരക്കര, കില സെന്റർ ഫോർ ട്രൈബൽ ഡെവലപ്മെന്റ് & നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്-അട്ടപ്പാടി, കില സെന്റർ ഫോർ ഗുഡ് ഗവേണൻസ്-മണ്ണുത്തി, കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് & വേസ്റ്റ് മാനേജ്മെന്റ്, തളിപ്പറമ്പ് എന്നീ |

സെന്ററുകളിലും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങൾ നൽകി വരുന്നു.

ഇ) പുതിയ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

ഇ) ഉണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലത്ത് പുതിയ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ, കില ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

എഫ്) ദാരിദ്ര്യ ലഘൂകരണത്തിന് ഗ്രാമീണ ജനങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന ഒരു വികസന പരിശീലന കേന്ദ്രം പെരുമ്പാവൂരിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

എഫ്) കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഒരു വികസന പരിശീലന കേന്ദ്രം അനുവദിക്കുന്നതിനു പെരുമ്പാവൂർ എം.എൽ.എ. സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി കില ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ